**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ ചലാൻ തിരിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയുടെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് സർവകലാശാല ഫണ്ടിൽ ഒടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് അനുവർത്തിക്കാവുന്ന മാർഗങ്ങൾ വിശദമാക്കാമോ; വിവിധ സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള സൗകര്യം എന്നുമുതലാണ് സർവകലാശാലയിൽ നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർവകലാശാല നൽകി വരുന്ന വിവിധ സേവനങ്ങൾക്കായി യൂണിവേഴ്സിറ്റി 'ഓഫ് ലൈൻ ചലാൻ കൗണ്ടർ വഴിയും എസ്.ബി.ഐ. ഓൺലൈൻ പേയ്മെന്റ് സിസ്റ്റം, എസ്.ബി.ഐ. ഇ-ചലാൻ സംവിധാനം, പോസ്റ്റ് ഓഫീസ്, ഫ്രണ്ട്സ്, അക്ഷയ തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ മുഖേന ഇ-ചലാൻ വഴിയും സർവകലാശാല ഫണ്ടിൽ ഫീസ് ഒടുക്കുന്നതിനായി സംവിധാനങ്ങൾ നൽകിവരുന്നു. 1. SBL Online:- SBI Online വഴി ഫീ അടുക്കുന്നതിന് SBI ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനമാണ് ഉപയോഗിക്കുന്നത്. ഈ തരത്തിൽ അടക്കുന്നതിന് പ്രത്യേകം സർവീസ് ഈടാക്കുന്നില്ല 2. SBI Payment Gateway:- SBI Payment Gateway ഒപ്ഷനിൽ 40 ൽ കൂടുതൽ ബാങ്കുകളുടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, UPI പേയ്മന്റ് സംവിധാനങ്ങൾ ഉണ്ട്. 3. Akshaya/Friends:- Akshaya/Friends ഒപ്ഷൻ വഴി ഫീ അടക്കാൻ ഈ ഓപ്ഷനിൽ നിന്നും ലഭിക്കുന്ന ചലാൻ അക്ഷയ അല്ലെങ്കിൽ ഫ്രണ്ട്സ് കേന്ദ്രങ്ങളിൽപ്പോയി പേയ്മെന്റ് നടത്തുകയാണ് വേണ്ടത് 4. Post Office:- Post Office ഒപ്ഷൻ ആണ് സെലക്റ്റ് ചെയ്തത് എങ്കിൽ ഇവിടെ നിന്ന് ലഭിക്കുന്ന ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും പോസ്റ്റോഫീസിൽ പണം അടക്കാവുന്നതാണ്. വിവിധ സേവനങ്ങൾക്ക് ഓൺലൈൻ ആയി പണമടക്കാനുള്ള സൗകര്യം 11-04 2014 മുതലാണ് സർവകലാശാലയിൽ നിലവിൽ വന്നിട്ടുള്ളത്. (U.O.No. 3518/2014/CU dated 05.04.2014) |
| (ബി) | വിദ്യാർത്ഥികൾ വിവിധ അപേക്ഷകളോടൊപ്പം കാലിക്കറ്റ് സർവകലാശാലയിൽ സമർപ്പിക്കുന്ന | (ബി) | ഉണ്ട്. വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2018 പ്രവേശന വർഷത്തിൽ താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | ചലാൻ രസീതികളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; ഇപ്രകാരം പരിശോധന നടത്തിയതിനെതുടർന്ന് ഏതെങ്കിലും ചലാനുകളിൽ കൃത്രിമം നടത്തിയതായോ, വ്യാജ ചലാനുകൾ ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിച്ചതായോ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ നാളിതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ചലാനുകളിൽ കൃത്രിമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. 1)ചലാൻ നമ്പർ 182013398 തീയതി 20.09.2018 തുക രൂ.25/- അടയ്ക്കുകയും രൂ.2890/- ആക്കി മാറ്റുകയും ചെയ്തു. 2)ചലാൻ നമ്പർ 182013395 തീയതി 20.09.2018 തുക രൂ.25/- അടയ്ക്കുകയും രൂ.2890/- ആക്കി മാറ്റുകയും ചെയ്തു. 3)ചലാൻ നമ്പർ 182015739 തീയതി 20.09.2018 തുക രൂ.25/- അടയ്ക്കുകയും രൂ.2890/- ആക്കി മാറ്റുകയും ചെയ്തു. 4)ചലാൻ നമ്പർ 182015743 തീയതി 20.09.2018 തുക രൂ.25/- അടയ്ക്കുകയും രൂ.2890/- ആക്കി മാറ്റുകയും ചെയ്തു. 5)ചലാൻ നമ്പർ 181989866 തീയതി 12.09.2018 തുക രൂ.25/- അടയ്ക്കുകയും രൂ.2890/- ആക്കി മാറ്റുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ചവയിൽ ക്രമനമ്പർ ഒന്ന് മുതൽ നാല് വരെയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആഭ്യന്തര അന്വേഷണ കമ്മിറ്റിക്ക് രൂപം നൽകുകയും അതോടൊപ്പം ബാഹ്യ അന്വേഷണത്തിന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ് മലപ്പുറം മുമ്പാകെ പരാതി നൽകുകയും ചെയ്തു. ഡെപ്യൂട്ടി സുപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്) മലപ്പുറം അന്വേഷണം നടത്തി, ക്രമക്കേട് നടത്തിയ സ്ഥാപനത്തിനെതിരെ നടപടി കൈക്കൊള്ളുകയുണ്ടായി. ഈ നാല് ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ മുഴുവൻ ചലാനുകളും പരിശോധിക്കുകയും ക്രമനമ്പർ 5 ൽ സൂചിപ്പിച്ച ക്രമക്കേട് ശ്രദ്ധയിൽപ്പെടുകയും ആയതിന്മേൽ പോലീസ് അന്വേഷണം അഭ്യർത്ഥിച്ച് സർവകലാശാല ലീഗൽ സെൽ മുഖാന്തിരം പോലീസിൽ പരാതി നൽകുകയും കേസ് നമ്പർ കസബPS Cr.No.465/20 O/s 465-468,471,1PC പ്രകാരം അന്വേഷണം നടക്കുകയുമുണ്ടായിട്ടുണ്ട്. |
| (സി) | 2018 അധ്യയനവർഷം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ മുഖേന ബിരുദ പ്രവേശനത്തിന് കാലിക്കറ്റ് സർവകലാശാലയിൽ സമർപ്പിച്ച ചില അപേക്ഷകളോടൊപ്പം ഉള്ളടക്കം ചെയ്ത ചലാനുകൾ വ്യാജമാണെന്ന് കണ്ടെത്തിയിരുന്നുവോ; പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് ആഭ്യന്തര അന്വേഷണകമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർകലാശാല ഉത്തരവ്, സർകലാശാല നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് | (സി) | ഉണ്ട്. ആഭ്യന്തര അന്വേഷണ കമ്മിറ്റി രൂപീകരിക്കുകയും,(അനുബന്ധം-1) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്(വിജിലൻസ്) മലപ്പുറം മുൻപാകെ സർവ്വകലാശാല പരാതി നൽകുകയും ചെയ്തിട്ടുണ്ട്. (അനുബന്ധം-2) |

| | | | |
|---|---|---|---|
| | എന്നിവയുടെ പകർപ്പുകളും കൃത്രിമ ചലാൻ കണ്ടെത്തിയ വിഷയത്തിൽ പോലിസിലോ മറ്റ് അന്വേഷണ ഏജൻസികൾക്ക് മുമ്പാകയോ സർവകലാശാല പരാതി നല്കിയിരുന്നുവെങ്കിൽ പ്രസ്തുത പരാതിയുടെ പകർപ്പും ലഭ്യമാക്കാമോ; | | |
| (ഡി) | 2018 അധ്യയന വർഷം ശ്രദ്ധയിൽപെട്ട വ്യാജചലാൻ നിർമ്മാണം തടയുന്നതിന് സർവകലാശാല ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാമാനദണ്ഡങ്ങൾ അധികമായി അവലംബിച്ചിരുന്നുവോയെന്നും,ആയത് ചലാൻ കൃത്രിമം തടയുന്നതിന് പര്യാപ്തമായിരുന്നുവോയെന്നും വ്യക്തമാക്കാമോ; | (ഡി) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലേക്കുള്ള ഫീസുകളും മറ്റു എല്ലാ ഇനത്തിനുമുള്ള പണമിടപാട്ടുകളും ഇ-പേയ്മെന്റ്/ ഇൻസ്റ്റന്റ് പേ സംവിധാനത്തിലൂടെ അടക്കുവാനുള്ള സംവിധാനം വർഷങ്ങളായി സർവ്വകലാശാലയിൽ നിലവിലുണ്ട്. 2018 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട വ്യാജ ചെലാൻ സോഫ്റ്റ് വെയർ വഴി നിർമ്മിക്കപ്പെട്ടതല്ല. ഓൺലൈൻ പണമിടപാടുകൾ നടത്തുന്ന സമയത്തു ഉദ്യോഗാർത്ഥിയുടെ / വിദ്യാർത്ഥിയുടെ അപേക്ഷകന്റെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ട്രാൻസാക്ഷൻ -നു മുൻപായി പേയ്മെന്റ് ഡീറ്റെയിൽസ് ഉറപ്പുവരുത്തുന്നതിനായി സിസ്റ്റം ആവശ്യപ്പെടാറുണ്ട്. ടി വിവരങ്ങൾ ഉദ്യോഗാർത്ഥിയുടെ/വിദ്യാർത്ഥിയുടെ അപേക്ഷകൻ ശരിയാണെന്നു ഉറപ്പുവരുത്തിയ ശേഷം മാത്രമേ പേയ്മെന്റ് ട്രാൻസാക്ഷൻ ഘട്ടത്തിലേക്ക് പ്രവേശിക്കുകയുള്ളൂ. ഇപ്രകാരം അപേക്ഷകന്റെ പൂർണ ഉത്തരവാദിത്തത്തിൽ വിവിധ ആവശ്യങ്ങൾക്കായി സർവകലാശാലയിൽ അടയ്ക്കപ്പെടുന്ന ചലാനുകൾ ഓൺലൈൻ ആയി വിലയിരുത്തുന്നതിനുള്ള സൗകര്യങ്ങളും (ഇ-പേയ്മെന്റ് വെരിഫിക്കേഷൻ) ഇ-പേയ്മെന്റ് സംവിധാനത്തിൽ നിലവിലുണ്ട്. പ്രസ്തുത അപ്ലിക്കേഷനിലൂടെ ചലാൻ നമ്പർ രേഖപ്പെടുത്തി അപേക്ഷകൻ സർവകലാശാലയിൽ അടച്ച തുക എത്രയാണെന്ന് സ്ഥിരീകരിക്കാവുന്നതാണ്. ഈ സംവിധാനം സർവകലാശാലയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നിലവിൽ വന്നതു മുതൽ തന്നെ ലഭ്യമാക്കിയിട്ടുള്ളതാകുന്നു. ഈ സംവിധാനം വഴി പരിശോധന നടത്തിയതു മൂലമാണ് 2018 ൽ വ്യാജ ചലാനുകൾ കണ്ടെത്തനായത്. നിലവിൽ എല്ലാ സജീവ കോഴ്സുകളുടെ പരീക്ഷ അപേക്ഷകളും പുനർമൂല്യനിർണ്ണയ രജിസ്ട്രേഷനും 'സ്റ്റുഡന്റ് പോർട്ടൽ' സംവിധാനത്തിലൂടെ അപേക്ഷകന് രജിസ്ട്രേഷൻ പ്രോസസ്സ് പൂർത്തിയാക്കിയശേഷമാണ് പേയ്മെന്റ് ട്രാൻസാക്ഷൻ ഘട്ടത്തിലേക്ക് പ്രവേശിക്കുകയുള്ളൂ. (പോസ്റ്റ് പേയ്മെന്റ് സിസ്റ്റം ). ഇത് വ്യാജ |

| | | | |
|---|---|---|---|
| | | | ചാലകളുടെ ഉപയോഗത്തെ ഇല്ലാതാക്കുന്നു. സ്പെഷ്യൽ സപ്ലിമെന്ററി അവസരങ്ങൾ മാത്രമുള്ള പഴയ റെഗുലേഷൻ/മെഡിക്കൽ കോഴ്സുകളുള്ള കുറച്ച് കോഴ്സുകൾക്കു മാത്രമാണ് പ്രീ-പേയ്മെന്റ് മോഡിൽ ഫീസ് ഒടുക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉള്ളത്. എന്നാൽ സർവകലാശാലയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെയും അനുബന്ധ ചലാനുകളുടെയും ശരിയായ വെരിഫിക്കേഷൻ അതാതു സെക്ഷനുകളിൽ ഓൺലൈൻ വെരിഫിക്കേഷൻ നടത്തുന്നതിലൂടെ വ്യാജ ചലാൻ ഉപയോഗിച്ചുള്ള ക്രമക്കേടുകൾക്കുള്ള സാധ്യത പൂർണ്ണമായും ഇല്ലാതാക്കാനാകും. |
| (ഇ) | സർവകലാശാലയുടെ വ്യാജചലാൻ നിർമ്മിച്ച് പണാപഹരണം നടത്തിയതിനും സേവനങ്ങൾക്ക് വിദ്യാർത്ഥികളിൽ നിന്നും കൈക്കൂലി വാങ്ങിയതിനും കാലിക്കറ്റ് സർവകലാശാലയിലെ രണ്ട് ജീവനക്കാരെ ഈയിടെയായി സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത്തരം വ്യാജചലാൻ നിർമ്മാണം തടയുന്നതിന് സർവകലാശാല എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (ഇ) | സർവകലാശാലയുടെ വ്യാജ ചലാൻ നിർമ്മിച്ച് പണാപഹരണം നടത്തിയെന്നും, വിദ്യാർത്ഥിനിയിൽ നിന്നും കൈക്കൂലി വാങ്ങിയെന്നും പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് കാലിക്കറ്റ് സർവകലാശാലയിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അസിസ്റ്റന്റിനെയും, വിദ്യാർത്ഥിനിയിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന പരാതിയെ തുടർന്ന് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്തിരുന്ന ഒരു ജീവനക്കാരനെയും ഈയിടെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (എഫ്) | സർവകലാശാലയുടെ വ്യാജചലാൻ നിർമ്മിച്ച് പണാപഹരണം നടത്തുന്നതിന് കാരണമാകുന്നത്, സർവകലാശാല സോഫ്റ്റ് വെയറിന്റെ പോരായ്മയും ആയതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ സാങ്കേതികവൈദഗ്ധ്യത്തിന്റെ അപര്യാപ്തതയുമാണെന്ന ആരോപണം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | സർവകലാശാലയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെയും അനുബന്ധ ചലാനുകളുടെയും വെരിഫിക്കേഷൻ നടത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ് വെയറിന്റെ ഭാഗമായി അതതു സമയങ്ങളിൽ പരീക്ഷാഭവന്റെ ആവശ്യാനുസരണം സോഫ്റ്റ് വെയർ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള സാങ്കേതിക വിദഗ്ധർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനം ശരിയായവിധം ഉപയോഗിക്കുകയും ക്രമക്കേടുകൾ നടത്തുന്നത് കണ്ടെത്തേണ്ടതും അതാതു സെക്ഷനുകളുടെ അല്ലെങ്കിൽ ബ്രാഞ്ചുകളുടെ ചുമതലയാണ്. ഈ സംവിധാനം 2014 -ൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നിലവിൽ വന്നതുമുതൽ ലഭ്യമായിരുന്നു എന്നതിനാൽ സാങ്കേതിക തലത്തിലുള്ള അപര്യാപ്തതകൾ ഉണ്ട് എന്ന ആരോപണം നിലനിൽക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

1747

File Ref.No.89975/SDE-M-SO/2018/Admn

UNIVERSITY OF CALICUT

**Abstract**

School of Distance Education - Constitution of an internal inquiry committee to inquire the matter related with the forgery done by the outside agency in producing forged chalan receipt towards the payment made for the admission of SDE candidates - committee members nominated - Orders issued.

---

**School of Distance Education**

U.O.No. 14960/2018/Admn — Dated, Calicut University.P.O, 21.12.2018

---

*Read:*-Applications of candidates registered for the UG 2018 admission of SDE.

ORDER

1. While scrutinising and verifying the applications received vide the paper read above, it has been came to the notice of the personnel of the sections that certain chalans enclosed along with the application of the candidates submitted for the UG 2018 admission is not seen paid the actual required amount in the CUF, eventhough the chalan bears the required total amount.

2. In the above circumstance, the matter has been taken up and brought to the notice of the higher authorities for urgent attention. While considering the matter in detail, Vice chancellor on 21.12.2018 has ordered to constitute an internal inquiry committee, to inquire the matter in detail and to submit the report, comprising the members as detailed below.

i. Dr.Lajish V L, Director, CUCC (Convenor)
ii. Sri.Velayudhan Kallepurath, JCE I
iii. Smt.Geetha M.P., DR, SDE
iv. Sri.Karunakaran P.P., DR, Finance
V. Sri,.Mohanan T., AR, DoA

3. Therefore, the internal inquiry committee with the members to inquire the matter related with the chalan forgery, as detailed above is constituted.

4.. The convenor is entrusted to convene the meeting at the earliest and to submit the detailed report to the Vice chancellor.
5. Orders are issued accordingly.

Geetha M.P.

Deputy Registrar

To

The Committee members.
Copy to : Director, SDE, PS to VC, PA to PVC, PA to Registrar, PA to FO,,FC.

Forwarded / By Order

Section Officer

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അനുബന്ധം - II

1747

കാലിക്കറ്റ് സർവകലാശാല

# SCHOOL OF DISTANCE EDUCATION

നമ്പർ. 89975/SDE-M-SO/2018/Admn

കാലിക്കറ്റ് സർവകലാശാല .പി.ഒ

തീയതി: 21.12.2018

പ്രേഷകൻ

The രജിസ്ട്രാർ

സ്വീകർത്താവ്

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ്,

മുനിസിപ്പൽ ബിൽഡിംഗ്,

എസ്എച്ച് 17, കോട്ടപ്പടി,

തിരൂർ റോഡ്, ഡൗൺ ഹിൽ,

മലപ്പുറം 676519.

സർ

വിഷയം:- സർവകലാശാല ഫണ്ടിലേക്ക് വിദ്യാർത്ഥികൾ ബിരുദ രജിസ്ട്രേഷനുവേണ്ടി അപേക്ഷയോടൊപ്പം സമർപ്പിച്ച ചലാനിൽ തിരുത്തൽ വരുത്തി നിശ്ചിത തുകയിൽ തിരിമറി നടത്തിയ സ്ഥാപനത്തിനെതിരെ നടപടി എടുക്കുന്നത് സംബന്ധിച്ച്.

സൂചന:- 2018 അഡ്മിഷൻ ബിരുദവിദ്യാർത്ഥികളുടെ അപേക്ഷ.

മേൽ സൂചനയിലെ അപേക്ഷകളോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച ഫീസ് ഒടുക്കിയതിന്റെ രേഖയായി സമർപ്പിച്ച നാലു ചെലാനുകളിൽ മുഴുവൻ തുകയും രേഖപ്പെടുത്തികാണപ്പെട്ടെങ്കിലും, സർവകലാശാലയിലെ ഓൺലൈൻ വെരിഫിക്കേഷൻ ലിങ്ക് വഴി നടത്തിയ പരിശോധനയിൽ നാലു ചെലാനുകൾ തിരുത്തപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. സർവകലാശാലയിൽ നിർബന്ധമായും അടക്കേണ്ടിയിരുന്ന മുഴുവൻ തുകയും (Rs.2890/-)ചെലാനിൽ അടച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധിച്ചതിൽനിന്നും നാലു ചെലാനുകളിലും ഇരുപത്തി അഞ്ചു രൂപമാത്രമാണ് സർവകലാശാല അക്കൗണ്ടിൽ അടവായിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു.

അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ ഇ മെയിൽ വിലാസം ഇപ്രകാരമാണ് sevanamukkam@gmail.com.

വിദ്യാർത്ഥികൾ നൽകിയ പരാതിയിൽ സ്ഥാപനത്തിന്റെ വിലാസം താഴെ പറയും പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജംഷീർ, മുക്കം ജനസേവ, ഫോൺ 9048112343.

| Sl.No: | Name | Challan Details | Amount | Pupose | Actual amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | due |
| 1 | FATHIMATH HASNA A G | 182013398 dated 20-09-2018 | Rs.25/- | SDE ADMISSION TO UG PROGRAMMES FOR THE ACADEMIC YEAR 2018-19(OTH00073) | 2890/- |
| 2 | MUHAMMED SWAFVAN K T | 182013395 dated 20-09-2018 | Rs.25/- | SDE ADMISSION TO UG PROGRAMMES FOR THE ACADEMIC YEAR 2018-19(OTH00073) | 2890/- |
| 3 | UNNI VINES.C.K | 182015739 20.09.2018 | Rs.25/- | SDE ADMISSION TO UG PROGRAMMES FOR THE ACADEMIC YEAR 2018-19(OTH00073) | 2890/- |
| 4 | ASWATHI.V | 182015743 20.09.2018 | Rs.25/- | SDE ADMISSION TO UG PROGRAMMES FOR THE ACADEMIC YEAR 2018-19(OTH00073) | 2890/- |

മേൽ സൂചിപ്പിച്ചപ്രകാരം സർവകലാശാലാ ഫണ്ടിൽ വരേണ്ടുന്ന തുകകൾ രേഖകൾ തിരുത്തി കൈക്കലാക്കിയ സ്ഥാപനത്തിനെതിരെ ഉചിതമായ അന്വേഷണ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ

Dr.Abdul Majeed T.A.

രജിസ്ട്രാർ

സെക്ഷൻ ഓഫീസർ